OFFICE OF THE COCHIN DEVASWOM BOARD
Round North, Thrissur – 680 001
PH: 2331124, 2327028 FAX : 2335874, 2327029
E-mail. admin @cochindevaswomboard.org

No. R.9768/21 Dated: 11/08/2022

## പരസ്യം

2022 ഓണം-നവരാത്രി എക്സിബിഷൻ പ്രദർശനത്തോടനുബന്ധിച്ച് ശ്രീവടക്കുന്നാഥൻ ക്ഷേത്ര മൈതാനത്ത് ദേവസ്വം നിശ്ചയിക്കുന്ന സ്ഥലത്ത് പാർക്കിംഗ് ഫീ പിരിക്കുന്നതിന് ഉള്ള അവകാശം എടുക്കുന്നതിന് താൽപര്യമുള്ള വ്യക്തികളിൽ നിന്നും/ സ്ഥാപനങ്ങളിൽ നിന്നും മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു.

ടെണ്ടർ ലഭിക്കേണ്ട അവസാന തിയ്യതി 19/08/2022, 3 p.m. നിരത ദ്രവ്യമായി ടെണ്ടറിനോടൊപ്പം കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ തൃശ്ശൂരിൽ മാറാവുന്ന 50,000/-ക യുടെ ഡി.ഡി അടക്കം ചെയ്യേണ്ടതാണ്. നിരതദ്രവ്യം അടക്കം ചെയ്യാത്ത ടെണ്ടറുകൾ പരിഗണിക്കുന്നതല്ല.

ടെണ്ടർ ലഭിക്കേണ്ട അവസാന തിയ്യതിയായ 19/08/2022, 3.30 p.m ന് ഹാജരുള്ള ടെണ്ടറുകാരുടെ സാന്നിദ്ധ്യത്തിൽ ടെണ്ടർ തുറന്ന് പരിശോധിക്കുന്നതാണ്. ടെണ്ടർ കൊണ്ട വ്യക്തി ടെണ്ടർ സംഖ്യയും നിയമാനുസൃത ജി.എസ്.ടി യും അടയ്ക്കേണ്ടതാണ്. ടെണ്ടർ ലഭിക്കുന്ന വ്യക്തി ടെണ്ടർ സംഖ്യയുടെ 50% സംഖ്യയും ജി.എസ്.ടി യും ടെണ്ടർ ഉറപ്പിക്കുന്ന ദിവസവും ബാക്കി സംഖ്യയും ജി.എസ്.ടി യും 15/09/2022 ന് അകം കൊച്ചിൻ ദേവസ്വം ബോർഡിൽ അടച്ച് രശീതി കൈപ്പറ്റേണ്ടതാണ്. അല്ലാത്ത പക്ഷം ടെണ്ടർ സംഖ്യയ്ക്ക് തുല്യമായ ദേശസാൽകൃത ബാങ്കിന്റെ ബാങ്ക് ഗ്യാരന്റി സമർപ്പിക്കേണ്ടതാണ്.

പാർക്കിംഗിനായി അനുവദിക്കുന്ന സ്ഥലത്തെ വെളിച്ചം, ഫെൻസിംഗ്, സെക്യൂരിറ്റി സംവിധാനം മുതലായ ആവശ്യമായ എല്ലാ ജോലികളും, സൗകര്യങ്ങളും ടെണ്ടറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ ഒരുക്കേണ്ടതാണ്.

കൊച്ചിൻ ദേവസ്വം ബോർഡിൽ നിന്നും നിശ്ചയിച്ചു തരുന്ന നിരക്കുകൾ പ്രകാരം പാർക്കിംഗ് ഫീ പിരിക്കേണ്ടതാണ്. നിരക്കുകളുടെ വിവരം പാർക്കിംഗ് ഗ്രൗണ്ടിൽ വിവിധ സ്ഥലങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

ഓണത്തോടനുബന്ധിച്ച് 12 ദിവസത്തേക്ക് പൂക്കച്ചവടത്തിന് കിഴക്കേ ഗോപുരത്തിന്റെ തെക്കു ഭാഗത്ത് സ്ഥലം അനുവദിച്ചു നൽകിയിട്ടുള്ളതാണ്. ആ ദിവസങ്ങളിൽ പ്രസ്തുത സ്ഥലത്ത് പാർക്കിംഗ് ഒഴിവാക്കേണ്ടതാണ്.

മേൽ പറഞ്ഞതടക്കമുള്ള നിബന്ധനകൾ ഉൾപ്പെടുത്തിയ ഒരു നിയമാനുസൃത കരാർ ടെണ്ടർ ലഭിച്ച വ്യക്തി പാർക്കിംഗ് ഫീ പിരിക്കുന്നതിന് 10 ദിവസത്തിന് മുമ്പായി ദേവസ്വം സെക്രട്ടറി മുമ്പാകെ ഒപ്പ് വെച്ച് സമർപ്പിക്കേണ്ടതാണ്.

മേൽ പറഞ്ഞ സംഗതികളിൽ വീഴ്ച വരുത്തിയാൽ EMD സംഖ്യ ദേവസ്വത്തിലേക്ക് മുതൽ കൂട്ടുന്നതും ടെണ്ടറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ടെണ്ടർ സംഖ്യ ദേവസ്വത്തിന് ഗുണകരമല്ലെന്ന് ബോധ്യപ്പെടുന്ന പക്ഷം ടെണ്ടർ നിർത്തിവയ്ക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും മറ്റു യുക്തമായ നടപടി സ്വീകരിക്കുന്നതിന് താഴെ ഒപ്പ് വയ്ക്കുന്ന ഉദ്യോഗസ്ഥന് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്

ഈ ടെണ്ടറിനെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

സെക്രട്ടറി
കൊച്ചിൻ ദേവസ്വം ബോർഡ്